24/12/21

2/12/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ CP No. 392(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നം.8951/എസ്.ഐ.സി-ജി 5/2021
സന്നിഹിതൻ
അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഓമനക്കുട്ടൻ,
അപർണ്ണ നിവാസ്,
വരവിള പി.ഒ,
ക്ലാപ്പന, കൊല്ലം – 690 528. } പരാതി ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ) ഓഫീസ്, സിവിൽ സ്റ്റേഷൻ,
കൊല്ലം – 691 013.

2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ,
സഹകരണ സംഘം അസിസ്റ്റന്റ്
രജിസ്ട്രാർ (ജനറൽ) ഓഫീസ്,
കരുനാഗപ്പള്ളി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 17/06/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 01/07/2021, 19/07/2021 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 28/07/2021 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 10/08/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13/09/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 25/09/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 16/11/2021<br>ഗസ്റ്റ് ഹൗസ് ആശ്രമം,<br>കൊല്ലം |
| ഹിയറിംഗിലെ സാന്നിധ്യം :<br>പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | <br>ഹാജരായി (പ്രതിനിധി)<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ഓമനക്കുട്ടൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയിലെ 3-ാമത്തെ ചോദ്യത്തിന് ഒന്നാം എതിർകക്ഷി ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഓഫീസിൽ ലഭ്യമല്ല എന്നാണ് അറിയിച്ചതെന്നും ടി വിഷയവുമായി ബന്ധപ്പെട്ട് രണ്ടാം എതിർകക്ഷി ഓഫീസിൽ നൽകിയ അപേക്ഷയിൽ 2013 ലെ 9017-ാം നമ്പർ സിവിൽ അപ്പീൽ വിധിന്യായ പ്രകാരം ടി സ്ഥാപനം വിവരാവകാശ പരിധിയിൽ വരില്ല എന്നാണ് അറിയിച്ചതെന്നും ആയതിനാൽ ടിയാന്റെ വിവരാവകാശ അപേക്ഷയിലെ 3-ാമത്തെ ചോദ്യത്തിന് മറുപടി ലഭ്യമാക്കണമെന്നുമാണ്.

2. പരാതി ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 17.06.2021 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ഹർജിക്കാരൻ 12.02.2021 ൽ സഹകരണസംഘം രജിസ്ട്രാർ മുമ്പാകെ ക്ലാപ്പന SCB-867 ലെ അഴിമതിക്കെതിരെ പരാതി നൽകിയിരുന്നതിൽ തുടർ നടപടികൾക്കായി ജോയിന്റ് രജിസ്ട്രാർക്ക് ഉത്തരവ് നൽകിയിരുന്നുവെന്നും ടി പരാതിയിന്മേൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ സ്വീകരിച്ച നടപടിയിന്മേലുള്ള ഉത്തരവിന്റെ പകർപ്പും

2) മുറ്റത്തെ മുല്ല അഴിമതിയുമായി ബന്ധപ്പെട്ട് ക്ലാപ്പന SCB-867 ൽ ഏതൊക്കെ ഡിപ്പാർട്ടുമെന്റുകളുടെ അന്വേഷണം നടത്തിയിട്ടുണ്ട് എന്നും അന്വേഷണ ഉത്തരവിന്റെ പകർപ്പും

3) SCB-867 ക്ലാപ്പനയിൽ മുറ്റത്തെ മുല്ല അഴിമതിയുമായി ബന്ധപ്പെട്ട് ടി ബാങ്കിലെ ഭരണ സമിതി അന്വേഷണം നടത്തിയതിൽ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് എന്നിവയാണ്.

3. പരാതി ഹർജിക്കാരന്റെ 17.06.2021 ലെ അപേക്ഷയ്ക്ക് 19.07.2021, 01.07.2021 തീയതികളിൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 17.09.2021 തീയതി വച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാതിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ 867 ക്ലാപ്പന സർവ്വീസ് സഹകരണ ബാങ്കിൽ അയച്ചു കൊടുത്തുവെന്നും 28.06.2021 ൽ ബാങ്ക് സെക്രട്ടറി രേഖാമൂലം നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ 01.07.2021 ൽ ടിയാന് മറുപടി ലഭ്യമാക്കിയിട്ടുള്ളതാണെന്നും ടിയാൻ 01.07.2021 ൽ അപ്പീൽ അപേക്ഷ നൽകിയെന്നും ടി അപ്പീലിന് 26.07.2021 ൽ മറുപടി നൽകിയിട്ടുള്ളതുമാണെന്നാണ്. കൂടാതെ ടിയാൻ സമർപ്പിച്ച പരാതിയിന്മേൽ ടി ഓഫീസിലെ ഓച്ചിറ യൂണിറ്റ് ഇൻസ്പെക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ബഹു. കൊല്ലം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ 13.07.2021 ലെ jrgklm257/2021crp നമ്പർ ഉത്തരവ് പ്രകാരം സഹകരണ വകുപ്പ് 66 പ്രകാരം അന്വേഷണം നടന്നു വരികയാണെന്നും ടി വിവരം പരാതിക്കാരനെ അറിയിച്ചിട്ടുള്ളതുമാണെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മുഴുവനായും വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ല. 16.11.2021 ൽ കമ്മീഷൻ ഗവ. ഗസ്റ്റ് ഹൗസ് ആശ്രമം, കൊല്ലത്ത് വച്ച് നടത്തിയ ഹിയറിംഗിൽ ഇരുകക്ഷികളും പങ്കെടുത്ത് മൊഴി നൽകിയിട്ടുള്ളതാണ്. പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 01.07.2021 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും ടിയാന്റെ 01.07.2021 ലെ അപ്പീലപേക്ഷയ്ക്ക് 26.07.2021 ലും മറുപടി നൽകിയിട്ടുള്ളതാണ് എന്നാണ് ഹിയറിംഗിൽ പങ്കെടുത്ത എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നത്. ടിയാന്റെ 01.07.2021 ലെ അപ്പീലപേക്ഷയിൽ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതിൽ കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നതായി കാണുന്നു. ആയതിനാൽ അപ്പീലിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾക്കായി വിവരാവകാശ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുവാനാണ് അപ്പീലധികാരി അറിയിച്ചിരിക്കുന്നത്. 26.07.2021 ലെ ടി മറുപടി പരാതിക്കാരന് ലഭ്യമായിട്ടില്ലെന്നാണ് ടിയാൻ ഹിയറിംഗ് വേളയിൽ അറിയിച്ചിരിക്കുന്നത്. ആയതിനാൽ 26.07.2021 ലെ മറുപടിയുടെ പകർപ്പും 01.07.2021 ലെ അപ്പീലപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന 1 മുതൽ 9 വരെയുള്ള ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതും ആ

വിവരം കമ്മീഷനിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും വകുപ്പ് 66 പ്രകാരം ഉള്ള റിപ്പോർട്ട് സമർപ്പിച്ച ശേഷം ഓച്ചിറ യൂണിറ്റ് ഇൻസ്പെക്ടർ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ഹർജികക്ഷിക്ക് നൽകേണ്ടതാണെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 2-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**അഡ്വ.എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

INFORMATION COMMISSION

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm